ശ്രീ. എ. ജെ. ജാൺ: അങ്ങിനെ കൊടുക്കാൻ നിവൃത്തിയില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: സ്റ്റോറ് സോപ്പേഴ്സ് വെൽഫെയർ ബോരഡിനു് ഇക്കൊല്ലത്തിൽ ചുമതലയുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഉണ്ടെന്നാണു തോന്നുന്നതു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ആ ബോർഡിന്റെ ആഭിമുഖ്യത്തിലാണോ സെന്റർ നടത്തുന്നതു്?

ശ്രീ. എ. ജെ. ജാൺ: നിശ്ചയമില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: സംസ്ഥാനത്തു് ആകെ എത്ര സെന്ററുകൾ ഉണ്ടു്?

ശ്രീ. എ. ജെ. ജാൺ: അതിന്റെ ലിസ്റ്റ് കൈവശമില്ല.

വെള്ളപ്പൊക്കംമൂലമുള്ള കൃഷിനാശം തടയാൻ പദ്ധതി.

* 10. [10] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നരുകുമോ:

(എ) അച്ചൻകോവിൽ, പമ്പ എന്നീ നദികളിലെ വെള്ളപ്പൊക്കംമൂലം തീരപ്രദേശങ്ങളിൽ അനേകായിരം ഏക്കർ സ്ഥലത്തെ കൃഷി നശിക്കുന്നുണ്ടോ; ഇതു തടയുന്നതിനു് എന്തു പദ്ധതിയാണു് രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നു് പറയുമോ;

(ബി) പ്രസ്തുത നദികളുടെ രണ്ടു തീരങ്ങളും ബണ്ടിട്ടുറപ്പിച്ചു് വെള്ളമൊഴുക്കിനെ ഫലപ്രദമായി തടഞ്ഞാൽ കരിങ്ങാലിപ്പുഞ്ച, കുട്ടനാടു തുടങ്ങിയ പ്രദേശങ്ങളിലെ അനേകലക്ഷം ഏക്കർ ഒരുപ്പു നിലങ്ങളും ഇരുപ്പുവാക്കുന്നതുള്ള ഒരു പദ്ധതി മുൻപു് ചീഫ് ഇൻജിനീയറായിരുന്ന വെങ്കിടകൃഷ്ണൻ സമർപ്പിച്ചതു് ഗവണ്മെന്റ് അവധാനപൂർവ്വം പരിഗണിച്ചു് അതുകൂടി രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുമോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) അച്ചൻകോവിൽ, പമ്പ എന്നീ നദികളിലെ വെള്ളപ്പൊക്കംമൂലം തീരപ്രദേശങ്ങളിലെ കൃഷി നശിക്കുന്നുണ്ടെന്നു് അറിയാം. എന്നാൽ ഒന്നാം പഞ്ചവത്സരപദ്ധതിയിൽത്തന്നെ പണിതു തീർന്നിട്ടുള്ള തോട്ടപ്പള്ളി സ്പിൽവെ ഈ കൃഷിനാശത്തിനെ ഏറിയഭാഗവും പരിഹരിക്കുന്നതാണു്. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ തോട്ടപ്പള്ളി സ്പിൽവേവരെ ആറിലെ വെള്ളപ്പൊക്കം ഒഴുകിപ്പോകുന്നതിനു് ചാലുകീറി വെട്ടാൻ ഉദ്ദേശിക്കുന്നുണ്ടു്.

(ബി) മൻ ചീഫ് ഇൻജിനീയറായിരുന്ന ശ്രീ. വെങ്കിടകൃഷ്ണൻ അങ്ങിനെ ഒരു പദ്ധതി സമർപ്പിച്ചതായി ഗവണ്മെന്റിനറിവില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: വെള്ളപ്പൊക്കമുണ്ടാകുമ്പോൾ വെള്ളം കടലിലേയ്ക്കു് വിടുന്നതിനല്ലാതെ, തടഞ്ഞു നിറുത്തുന്നതിനു് വല്ല പദ്ധതിയുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ ഐ. വേലായുധൻ; അതിലേയ്ക്കുവേണ്ടിയാണെന്നെയാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: സർ സി. പി. യുടെ കാലത്ത് ഇവിടെ ചീഫ് ഇൻജിനീയറായിരുന്ന ശ്രീ. വെങ്കിടകൃഷ്ണൻ വെള്ളപ്പൊക്കം തടയാൻ സമർപ്പിച്ചിട്ടുണ്ടായിരുന്ന പദ്ധതി പരിശോധിക്കുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : പരിശോധിച്ചതിനുശേഷമാണ് ഇതു പറയുന്നത്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : അച്ചൻകോവിൽ ആറിലെ വെള്ളപ്പൊക്കം അണക്കെട്ടിയോ ബണ്ട് കെട്ടിയോ തടഞ്ഞുനിർത്തിയാൽ എട്ടുലക്ഷം പറ നിലത്തോളം കൃഷി നടത്താമെന്നും അതു രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും മാവേലിക്കര പൊതുജനങ്ങൾ നിവേദനം നടത്തിയിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : നോട്ടീസു വേണം.

ശ്രീ. തോപ്പി ഭാസ്കരൻപിള്ള : കരിങ്ങാലി പഞ്ചായത്തിൽ നിന്നും വെള്ളപ്പൊക്കംനിമിത്തം പുഞ്ചകൃഷിനാശം തടയാനുള്ള വല്ല പദ്ധതികളും ഗവണ്മെൻറിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഓണാട്ടുകര പഞ്ചായത്തിൽ നിന്നും വെള്ളപ്പൊക്കം തടയുന്നതിന് ഒരു പദ്ധതി ഗവണ്മെൻറിന്റെ ശ്രദ്ധയിലും ഈ സഭയുടെ ശ്രദ്ധയിലുംപെടുത്തിയിട്ടില്ലേ ?

ശ്രീ. കെ. ഐ. വേലായുധൻ : അവിടെ വെള്ളപ്പൊക്കം ഉണ്ടാകുന്നുണ്ടെന്നു് ഗവണ്മെൻറിനു് അറിയാം. വെള്ളപ്പൊക്കംമൂലം ഉണ്ടാകുന്ന കൃഷിനാശങ്ങൾ തടയുന്നതിനുവേണ്ട നിവാരണങ്ങൾ ഗവണ്മെൻറ് നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. തോപ്പി ഭാസ്കരൻപിള്ള : സ്റ്റിൽവേ ഒഴിച്ചു് വേറെ വല്ല പദ്ധതികളും ഉണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : പല പണികളും അവിടെ നടത്തുകയാണ്. സ്റ്റിൽവേവരെ ആറിലെ വെള്ളപ്പൊക്കം തടയാൻ ചാലുകൾ വെട്ടാൻ എടുപ്പാട് ചെയ്തിട്ടുണ്ട്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : പമ്പാനദിയിലെ വെള്ളപ്പൊക്കം തടയാൻ എന്തെങ്കിലും രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly